**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതിവകുപ്പ് - എക്സൈസ് - ജീവനക്കാര്യം - ആലപ്പുഴ ഡിവിഷനിലെ ഹരിപ്പാട് എക്സൈസ് സർക്കിൾ ഓഫീസിലെ പ്രിവന്റീവ് ഓഫീസർ (ഗ്രേഡ്) ശ്രീ.ജോസ് വി.പി.യുടെ ചികിത്സയ്ക്ക് ചെലവായ തുക പ്രതിപൂരണം ചെയ്തു നൽകുന്നതിന് - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി(എഫ് )വകുപ്പ്**

**സ.ഉ.(സാധാ) നം.208/2026/TAXES    തീയതി, തിരുവനന്തപുരം, 19-02-2026**

---

പരാമർശം:- 1. ശ്രീ.ജോസ് വി.പി.യുടെ **03.10.2022**-ലെ അപേക്ഷ.

2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ **26.09.2025**-ലെ **DHS/22393/2025-MR.2** നമ്പർ കത്ത്.

3. എക്സൈസ് കമ്മീഷണറുടെ **20.04.2023, 04.10.2025** തീയതികളിലെ ഇ.എക്സ്.സി/**5274/2022**-എക്സ്.ഇ6 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ഹരിപ്പാട് എക്സൈസ് സർക്കിൾ ഓഫീസിലെ പ്രിവന്റീവ് ഓഫീസർ (ഗ്രേഡ്) ശ്രീ.ജോസ് വി.പി.യുടെ ചികിത്സയ്ക്ക് **23.06.2022** മുതൽ **07.07.2022** വരെ കൊച്ചി ആസ്റ്റർ മെഡിസിറ്റി ആശുപത്രിയിൽ ചെലവായ തുക മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റായി അനുവദിക്കുന്നതിനായുള്ള ടിയാന്റെ അപേക്ഷ പരാമർശം (3) പ്രകാരം എക്സൈസ് കമ്മീഷണർ ശിപാർശ ചെയ്തു സമർപ്പിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷയിൽ **2,65,786/-**രൂപ അനുവദനീയമാണെന്ന് പരാമർശം (2) പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ഡിവിഷനിലെ ഹരിപ്പാട് എക്സൈസ് സർക്കിൾ ഓഫീസിലെ പ്രിവന്റീവ് ഓഫീസർ(ഗ്രേഡ്) ശ്രീ.ജോസ് വി.പി.യുടെ ചികിത്സയ്ക്ക് കൊച്ചി ആസ്റ്റർ മെഡിസിറ്റി ആശുപത്രിയിൽ **23.06.2022** മുതൽ **07.07.2022** വരെ ചെലവായ തുകയിൽ ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ച തുകയായ **2,65,786/-** രൂപയുടെ **80%** ആയ **2,12,629/-** രൂപ (രണ്ട് ലക്ഷത്തി പന്ത്രണ്ടായിരത്തി അറുന്നൂറ്റി ഇരുപത്തി ഒൻപത് രൂപ മാത്രം) **22-11-2024**-ലെ സ.ഉ.(അച്ചടി)നം.**100/2024**/ധന ഖണ്ഡിക **III** പ്രകാരം പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രമോദ് എം വി

അഡിഷണൽ സെക്രട്ടറി

1.എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം (ബില്ലുകളും അനുബന്ധ രേഖകളും സഹിതം).

2.ശ്രീ.ജോസ് വി.പി., പ്രിവന്റീവ് ഓഫീസർ(ഗ്രേഡ്), ഹരിപ്പാട് എക്സൈസ് സർക്കിൾ ഓഫീസ്, ആലപ്പുഴ ഡിവിഷൻ. (എക്സൈസ് കമ്മീഷണർ മുഖേന).

3.അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്-ഇ.ആർ.എസ്.എ) കേരളം, തിരുവനന്തപുരം.

4.ആരോഗ്യ കുടുംബക്ഷേമ വകുപ്പ് (**HEALTH-G2/1375/2024-HEALTH DATED 01.08.2025**).

5.ധനകാര്യ വകുപ്പ് **Loans-L4/87/2024-FIN-2722371 DATED 05.02.2026**).

6.വെബ് &ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

7.കരുതൽ ഫയൽ/ഓഫീസ് കോപ്പി (**F3/125/2023-TAXES**).

ഉത്തരവിൻ പ്രകാരം

Signed by
Vivil Kumar
Date: 19-02-2026 12:19:45

സെക്ഷൻ ഓഫീസർ